പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3039

20.12.2012- ൽ
മറുപടിക്ക്

# കയർമേഖലയിലെ പ്രതിസന്ധി

| ചോദ്യം<br><br>ശ്രീ.എ.എം. ആരിഫ് | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ തൊഴിലാളികൾ തൊഴിൽ പ്രതിസന്ധിയും കടക്കെണിയും മൂലം ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചകിരിക്ഷാമവും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും കയർ മേഖലയെ ഒരു പരിധിവരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി കയർ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും മിനിമം കൂലി ഉറപ്പാക്കുന്നതിനും ഇൻകം സപ്പോർട്ട് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം പിരിമേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 210 രൂപയും ഉൽപ്പന്നമേഖലയിലെ തൊഴിലാളികൾക്ക് 285 രൂപയും ലഭിക്കുന്നു. കയർ പിരി മേഖലയിലെ തൊഴിലാളികളുടെ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ നൽകുന്നതുകൊണ്ട് സ്ഥാപനം നൽകേണ്ട കൂലി വിഹിതം കുറയുന്നു. ഇത് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ സഹായകമാകും. കൂടാതെ, പരിഷ്ക്കരിച്ച തൊണ്ടു സംഭരണ പദ്ധതി, മറ്റു പദ്ധതികൾ എന്നിവയുടെ പ്രയോജനവും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുവാനും കൂലി കൂടുതൽ ലഭിക്കുവാനും സഹായിക്കുന്നു. |
| (ബി)ഈ സർക്കാർ അധികാരത്തിൽ വന്നതിനെത്തുടർന്ന് കയർ രംഗത്ത് ഡിപ്പോ സമ്പ്രദായം വീണ്ടും | (ബി) ഡിപ്പോ സമ്പ്രദായത്തെ നിരുത്സാഹപ്പെടുത്താൻ ക്രയവില സ്ഥിരതാ പദ്ധതി 2007 മുതൽ സർക്കാർ നടപ്പിലാക്കിവരുന്നു. ഈ |

| | |
|---|---|
| ഉടലെടുത്തിരിക്കുന്നതും ഇതിനെ ത്തുടർന്ന് ഉൽപ്പന്നങ്ങൾക്ക് വിലയിടിവുണ്ടാകുന്നത് മൂലം ചെറുകിട മേഖലയിൽ പ്രതിസന്ധിയുണ്ടാക്കിയിരിക്കുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | സർക്കാരും ഈ പദ്ധതി ശക്തമായി നടപ്പിലാക്കി വരികയാണ്. ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുന്നതിന് ചെറുകിടക്കാർക്ക് ഉല്പന്നങ്ങളുടെ ന്യായമായ വിലയും തൊഴിലാളികൾക്ക് നിശ്ചിത കൂലിയും ഉറപ്പുവരുത്തി ഉല്പ്പന്നങ്ങൾ സംഭരിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ചെറുകിട ഉൽപ്പാദകർ ഉൽപ്പാദിപ്പിക്കുന്ന എല്ലാത്തരം ഉൽപ്പന്നങ്ങളും കയർ കോർപ്പറേഷൻ വാങ്ങി സ്റ്റോക്കു ചെയ്യുന്നതിന്, യഥാസമയം ഗവൺമെന്റ് ആവശ്യമായ ധനസഹായം നൽകി വരികയാണ്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലസ്ഥിരത പദ്ധതി തകർത്തതും, സംഭരണരംഗത്തുനിന്നും കയർ കോർപ്പറേഷൻ പിൻവാങ്ങിയതും പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിരിക്കുന്നതിനാൽ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2011-12 കാലഘട്ടത്തിൽ 50 കോടിയോളം രൂപയുടെയും 2012-13 ഇതുവരെ 36 കോടിയോളം രൂപയുടെയും കയർ ഉൽപ്പന്നങ്ങൾ ഈ പദ്ധതിയിലൂടെ മാത്രം വിപണനം നടത്തിയിട്ടുണ്ട്. ക്രയവില സ്ഥിരതാ പദ്ധതി ഇപ്പോഴും വിജയകരമായിത്തന്നെ നടപ്പിലാക്കി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14,89,00,000/- രൂപ കയർ വില സ്ഥിരതാ പദ്ധതി പ്രകാരം കയർ കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആവശ്യാനുസരണം കൂടുതൽ തുക നൽകുന്നതിനായി വില വ്യതിയാന ഫണ്ടിൽ 24 കോടിയാണ് ഈ വർഷം വകയിരുത്തിയിട്ടുള്ളത്. കൂടുതൽ ഉല്പ്പന്നങ്ങൾ ശേഖരിക്കാൻ കയർ കോർപ്പറേഷൻ നടപടി സ്വീകരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ